# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : **180** — **16-02-2016** ൽ മറുപടിയ്ക്ക്

## തീരദേശ കപ്പൽ ഗതാഗത പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.വി.ശ്രേയാംസ് കുമാർ :<br>ശ്രീ. റോഷി അഗസ്റ്റിൻ :<br>ഡോ. എൻ.ജയരാജ് : | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് തീരദേശ കപ്പൽ ഗതാഗത പദ്ധതി ആരംഭിക്കുന്ന കാര്യത്തിൽ സർക്കാർ നയം വ്യക്തമാക്കുമോ ; | (എ) റോഡ് മാർഗ്ഗവും റെയിൽ മാർഗ്ഗവുമുള്ള ചരക്കുനീക്കം കടൽ മാർഗ്ഗത്തിലൂടെ കേരളത്തിലെ ചെറുകിട തുറമുഖങ്ങൾ വഴി തിരിച്ച് വിടുന്നതിനാണ് തീരദേശ കപ്പൽ ഗതാഗത പദ്ധതി വിഭാവനം ചെയ്യുന്നത്. ചരക്കുഗതാഗതത്തിന്റെ 40% 2020-ഓടെയും, 50% 2030-ഓടുകൂടിയും തീരദേശകപ്പൽ ഗതാഗതംവഴി ഉയർത്താനാണ് പ്രസ്തുത പദ്ധതി ലക്ഷ്യമിടുന്നത്. ഈ പദ്ധതിയുടെ നടത്തിപ്പിനായി ഡിലോയിറ്റ് എന്ന കൺസൾട്ടൻസി തയ്യാറാക്കിയ കർമ്മ പദ്ധതി സർക്കാർ അംഗീകരിക്കുകയും പ്രസ്തുത പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം കൊല്ലം തുറമുഖത്ത് 9/11/13-ന് ബഹു. കേരള മുഖ്യമന്ത്രി നടത്തുകയും ചെയ്തു. ആദ്യഘട്ടത്തിൽ കൊല്ലം, വിഴിഞ്ഞം, ബേപ്പൂർ, അഴീക്കൽ, കൊടുങ്ങല്ലൂർ എന്നീ തുറമുഖങ്ങളിൽ കൂടിയാണ് ചരക്കു ഗതാഗതം നടത്താൻ തീരുമാനിച്ചിട്ടുള്ളത്. ഈ പദ്ധതി വടക്കൻ കേരളത്തിലേക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 30/10/2014-ന് അഴീക്കൽ പോർട്ടിലും കോസ്റ്റൽ ഷിപ്പിംഗ് പദ്ധതിയുടെ ഭാഗമായുള്ള കണ്ടെയ്നർ ചരക്കുകളുടെ ഉദ്ഘാടനം ബഹു. മുഖ്യമന്ത്രി നിർവ്വഹിച്ചു. ഘട്ടം ഘട്ടമായി ഈ പദ്ധതി ബേപ്പൂർ, വിഴിഞ്ഞം, കൊടുങ്ങല്ലൂർ തുറമുഖങ്ങളിലേക്കും വ്യാപിപ്പിക്കുവാനാണ് തീരുമാനി ച്ചിട്ടുള്ളത്. |

(ബി) തീരദേശ കപ്പൽ ഗതാഗത പദ്ധതി നടപ്പാക്കുന്നതു സംബന്ധിച്ച് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) തീരദേശ കപ്പൽ ഗതാഗത പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് ഡിലോയിറ്റ് എന്ന കൺസൾട്ടൻസി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഡിലോയിറ്റ് തയ്യാറാക്കിയ Road Map Cum Business plan സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ജനസാന്ദ്രതയേറിയ കേരളത്തിലെ സ്ഥലലഭ്യതയുടെ കുറവുമൂലം റോഡ് / റെയിൽ വികസനം വഴിമുട്ടി നിൽക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. 10 മുതൽ 11% വരെ വാർഷിക വാഹനപ്പെരുപ്പം നിലവിലുള്ള കേരളത്തിന് ഏറ്റവും ആശാസ്യമായ ഒരു ഗതാഗത സംവിധാനമായാണ് തീരദേശ കപ്പൽ ഗതാഗത പദ്ധതി വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നത്.

പദ്ധതിയുടെ വിജയത്തിനായി തയ്യാറാക്കപ്പെട്ട കർമ്മരേഖയിൽ താഴെപ്പറയുന്ന മൂന്നു കാര്യങ്ങൾക്കാണ് പ്രധാനമായും ഊന്നൽ നൽകുന്നത്.

1) സുസ്ഥിരവും കാര്യക്ഷമവുമായ Institutional arrangement ഉറപ്പാക്കൽ
2) ചെറുകിട തുറമുഖങ്ങളുമായി ബന്ധപ്പെട്ട അടിസ്ഥാന സൌകര്യ വികസനം
3) മറ്റ് ഗതാഗത സംവിധാനങ്ങളിൽ നിന്നും ജലഗതാഗതത്തിലേക്ക് ചരക്കുനീക്കം ആകർഷിക്കുന്നതിന് ആവശ്യമായ incentive ലഭ്യമാക്കുക .

(സി) ഇതിനായി ചെറുകിട തുറമുഖങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ?

(സി) ഉണ്ട്. ചെറുകിട തുറമുഖങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- തീരദേശ കപ്പൽ ഗതാഗത പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട എല്ലാ തുറമുഖങ്ങളിലും

അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- തുറമുഖങ്ങളിലെ ചാനലിന്റേയും, ബേസിന്റേയും ആഴം കൂട്ടുന്നതിനായി 20 കോടി രൂപ മുതൽ മുടക്കിൽ കട്ടർ സക്ഷൻ ഡ്രഡ്ജർ വാങ്ങിയിട്ടുണ്ട്.
- കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിനായി കൊല്ലം തുറമുഖത്ത് മൊബൈൽ ക്രെയിനും വിഴിഞ്ഞം, കൊല്ലം, അഴീക്കൽ, ബേപ്പൂർ, എന്നിവിടങ്ങളിൽ റീച്ച് സ്റ്റാക്കറുകളും വാങ്ങിയിട്ടുണ്ട്. കണ്ടെയ്നർ നീക്കം ചെയ്യുന്നതിനും യാർഡിൽ അടുക്കി വയ്ക്കുന്നതിനുമായി ഒരു കണ്ടെയ്നർ ഹാൻഡ്ലിംഗ് ഫോർക്ക് ലിഫ്റ്റ് കൊല്ലം തുറമുഖത്ത് സ്ഥാപിച്ചിട്ടുണ്ട്. വിഴിഞ്ഞം, അഴീക്കൽ, ബേപ്പൂർ എന്നിവിടങ്ങളിൽ ക്രെയിൻ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
- കപ്പൽ വാർഫിൽ അടുപ്പിക്കുന്നതിനും, വലിച്ച് മാറ്റുന്നതിനുമായി കൊല്ലം, ബേപ്പൂർ പോർട്ടുകളിൽ ടഗ്ഗുകൾ കമ്മീഷൻ ചെയ്തു.
- 100 ടൺ കപ്പാസിറ്റിയുള്ള വേയ് ബ്രിഡ്ജിന്റെ നിർമ്മാണം കൊല്ലം തുറമുഖത്ത് പൂർത്തിയാക്കിയിട്ടുണ്ട്.
- സുരക്ഷാക്രമീകരണത്തിന്റെ ഭാഗമായി കൊല്ലം, ബേപ്പൂർ തുറമുഖങ്ങളിൽ സി.സി.ടിവി ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്.
- കൊടുങ്ങല്ലൂർ , അഴീക്കൽ എന്നീ പോർട്ടുകളിൽ ഗോഡൗണുകൾ നബാർഡ് സഹായത്തോടെ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
- മത്സ്യമാംസാദികൾ, പച്ചക്കറികൾ, തുടങ്ങി പെട്ടെന്ന് നശിക്കുവാൻ സാദ്ധ്യതയുള്ള ചരക്കുകൾ സംഭരിച്ച് കേടുപാടുകൂടാതെ സൂക്ഷിക്കുന്നതിനായി

വിഴിഞ്ഞം, കൊല്ലം, വലിയതുറ, കൊടുങ്ങല്ലൂർ എന്നീ തുറമുഖങ്ങളിൽ ശീതീകരണ സംവിധാനം സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.

- കൊല്ലം തുറമുഖത്തിന്റെ ആഴം 9 മീറ്റർ ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ